തടിലേലത്തിലൂടെ ലഭിച്ച വരുമാനം

136 (1936) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തടിലേലം ചെയ്തതിലൂടെ എന്തു തുക ലഭിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ ;

(ബി) ഏതെല്ലാം ഡിപ്പോകളിൽനിന്നും എത്രമാത്രം തടിയാണ് ലേലം ചെയ്തിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(സി) തടിമോഷണത്തിൽ തൊണ്ടിയായി ലഭിച്ചത് ഈ കാലയളവിൽ എത്ര തടിയാണെന്നു വ്യക്തമാക്കുമോ ;

(ഡി) തൊണ്ടിയായി ലഭിച്ച തടി വിറ്റുകിട്ടിയ തുക എത്രയാണെന്നു വെളിപ്പെടുത്തുമോ ;

(ഇ) ലേലത്തിലൂടെ വിറ്റ തടികളിൽ കടപുഴകി വീണവ എത്രയാണെന്നും തൊണ്ടിയായിട്ടുള്ളവ എത്രയാണെന്നും വെട്ടിമാറ്റിയത് എത്രയാണെന്നും വിശദമാക്കുമോ ;

(എഫ്) ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി തടി ആവശ്യമുള്ളവർക്ക് ലേലത്തിൽ പങ്കെടുക്കുന്നതിനും തടി ലഭ്യമാക്കുന്നതിനും പ്രത്യേക പരിഗണന നൽകുമോ ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 2380391511 രൂപ ലഭിച്ചു.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) 1690.263 ക്യൂ. മീ. തടി

(ഡി) 6063274 രൂപ

(ഇ) കടപുഴകി വീണവ 489.847 ക്യൂ. മീ. തടിയും 25093.60 കിലോഗ്രാം ചന്ദനവും 8717 കഴകളും, തൊണ്ടിയായി ലഭിച്ചതും വെട്ടിമാറ്റിയതും കൂടി 87863.304 ക്യൂ. മീ. തടിയും 11.5 കി. ഗ്രാം ചന്ദനവും 138071 കഴകളും, 186 മെ. ടൺ ബില്ലറ്റുമാണ്.

(എഫ്) ഗാർഹികാവശ്യങ്ങൾക്ക് തടി ലേലത്തിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നകാര്യം ആലോചനയിലില്ല. എന്നാൽ ഗാർഹികാവശ്യത്തിന് തേക്കിന്റെ രണ്ടാം ക്ലാസ്സും മൂന്നാം ക്ലാസ്സും തടി ഒരാൾക്ക് 5 ക്യൂ. മീ. പരിമിതപ്പെടുത്തി പ്രത്യേകമായി വിൽക്കുന്നതിനു സംസ്ഥാനത്ത് തൃകയം/പത്തനാപുരം, പാറംപ്പുഴ, ചാലക്കുടി, ചാളിയം, വാളയാർ എന്നീ 5 ഡിപ്പോകളിൽ മാത്രമായി 4-4-2003-ലെ ജി. ഒ. (എംഎസ്.)21/03/വനം. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - VI

(2-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത 136 (1936)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക)

ഡിപ്പോയുടെ പേര്	സർക്കിൾ	തടിയുടെ അളവ് (ക്യൂ.മീ)	കഴകളുടെ എണ്ണം	മറ്റുള്ളവ
ചാലിയം		2068.169		
പരപ്പ		3755.943		
മഞ്ചയ്ക്കൽ		2016.326		
നഞ്ചൻകോട്	നോർത്തേൺ	756.488		
കുപ്പാടി		1220.572		
കണ്ണോത്ത്		1294.945		
വാളയാർ		11305.560		
അരുവാക്കോട്		10356.640		
നെടുങ്കയം		7185.971		
ആനപ്പാടി		574.541		
പറമ്പിക്കുളം	ഒലവക്കോട്	1647.636		
ചാലക്കുടി		2105.98	467	
ചെട്ടിക്കുളം		3691.725	672	
വിട്ടൂർ		3762.260	487	
വാരാപ്പുഴ		1483.323	349	
മുടിക്കൽ		2348.961	705	
പാറാമ്പുഴ	തൃശ്ശൂർ	375.896	0	
തലക്കോട്		110.012	0	
കോതമംഗലം		311.750	0	
വെട്ടിക്കാട്		143.569	0	
കോന്നി		4646.65	0	
പത്തനാപുരം		3299.35	0	
കടയ്ക്കാമൺ		2952.05	0	
അരിക്കക്കാവ്		2431.10	0	
വിയപുരം		2257.452	0	
തൃയം		2778.40	0	
തെന്മല	കൊല്ലം	948.214	0	
ആര്യങ്കാവ്		3437.232	0	
അച്ചൻകോവിൽ		5689.514	0	
മുള്ളുമല		1728.613	0	
കുളത്തുപ്പുഴ		845.508	0	
ആകെ		87530.35	2680	

LIBRARY ARCHIVES Kerala Legislative Assembly

റെയിഞ്ചുകളും/ സ്റ്റേഷനുകൾ	സർക്കിൾ	തടിയുടെ അളവ് (ക്യൂ.മീ)	കഴകളുടെ എണ്ണം	മറ്റുള്ളവ
പൂച്ചക്കുത്ത്		2.869		
കാനക്കുത്ത്		14.176		
ഏറപ്പാടം		1.308		
എറഞ്ഞിമങ്ങാട്		25.325		
പാലക്കടവ്		10.808		
കരിയംമാരിയം		227.585		
നെല്ലിക്കുത്ത്		16.447		
കാഞ്ഞിരംകടവ്		312.487		
വെട്ടിക്കൽ		116.258		
മണ്ണാർക്കാട് ഡിവിഷനിലെ വിവിധ റെയ്ഞ്ചുകളിൽ	ഒലവക്കോട്	16.625		
കരിങ്കയം		0		
ഉരുളൻ തണ്ണി		0	36333	
ഭൂതത്താൻകെട്ട്	തൃശ്ശൂർ	13.503	1451	30 മെട്രിക് ടൺ ബില്ലറ്റ്
കോടനാട്		2.168	18	
അയ്യപ്പൻ കോവിൽ		44.93	11	
വേളൂർ		0	5924	
കുളപ്പാറ	കോട്ടയം	3.85	1683	
കാളിയാർ		0	2020	
നേരിയമംഗലം റെയ്ഞ്ച്		14.462	0	
മയൂർ റെയിഞ്ച്		0	0	250093.1 കിലോ ചന്ദനം
	ആകെ	822.801	60140	30 മെട്രിക് ടൺ ബില്ലറ്റ് 250093.1 കിലോ (ചന്ദനം)

സംസ്ഥാനത്താകെ 88353.151 ക്യൂബിക് മീറ്റർ തടി 158056 കഴകളും 250093.1 കിലോ (ചന്ദനം) 30 മെട്രിക് ടൺ ബില്ലറ്റും ലേലം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly